# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - സംസ്ഥാന ഭൂജലവകുപ്പ് ഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീമതി. കെ. രജനിയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കാസറഗോഡ് ജില്ലയിൽ നിയമനത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ(സാധാ)നം. 1201/2014/തസ്വഭവ — തീയതി, തിരുവനന്തപുരം 19/05/2014

---

പരാമർശം: 1. സ.ഉ(പി)നം. 05/2013/ഉഭപവ തീയതി 06.02.2013
2. ശ്രീമതി. കെ. രജനിയുടെ 06.07.2013 ലെ അപേക്ഷ
3. പഞ്ചായത്ത് ഡയറക്ടറുടെ 10.12.2013 ലെ ഇ6-17889/2013 നമ്പർ കത്ത്

## ഉത്തരവ്

തിരുവനന്തപുരത്തെ സംസ്ഥാനഭൂജലവകുപ്പ് ഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീമതി. കെ. രജനി അന്തർവകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കാസറഗോഡ് ജില്ലയിൽ നിയമനത്തിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ശ്രീമതി. കെ. രജനി ആസ്ഥാന ഒഴിവിൽ 27.10.2012ൽ സംസ്ഥാന ഭൂജലവകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ഭൂജലവകുപ്പിന്റെ കാസറഗോഡ് ഓഫീസിൽ ആകെ 2 തസ്തികകളാണുള്ളതെന്നും അതിലൊന്നിലേക്ക് സ്ഥലംമാറ്റ അപേക്ഷ പരിഗണനയിലാണെന്നും ആയതിനാൽ അടുത്ത 5 വർഷത്തേക്ക് ക്ലാർക്കിന്റെ ഒഴിവ് വരാനിടയില്ലെന്നും അന്തർവകുപ്പ് സ്ഥലം മാറ്റം നല്കുന്ന പക്ഷം ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്നും സംസ്ഥാന ഭൂജലവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. [illegible] അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് കാസറഗോഡ് ജില്ലയിൽ ഒരൊഴിവ് നിലവിലുള്ളതായി കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനഭൂജലവകുപ്പിലെ ക്ളാർക്ക് ശ്രീമതി. കെ. രജനിയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കാസറഗോഡ് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി. കെ രജനി പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സെൽവരാജൻ എസ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഭൂജലവകുപ്പ് ഡയറക്ടറേറ്റ്, ജലവിജ്ഞാനഭവൻ, അമ്പലമുക്ക്,
കവടിയാർ പി ഒ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്
ശ്രീമതി. കെ രജനി, ക്ലാർക്ക്, സംസ്ഥാന ഭൂജലവകുപ്പ് ഡയറക്ടറേറ്റ്, ജലവിജ്ഞാനഭവൻ,
അമ്പലമുക്ക്, കവടിയാർ പി ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ(എൽ.ബി.എ &എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ.കെ.എം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ